# കേരള സർവകലാശാല

നം.പി.ആർ.72/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 25, 26 തീയതികളിൽ അതതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ

ഏപ്രിൽ 11 മുതൽ ആരംഭിക്കുന്ന ബി.എ ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളിൽ (2016 – 2019 അഡ്മിഷൻ) ഇതുവരെയും പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ പരീക്ഷാവിഭാഗത്തിൽ നൽകാത്ത വിദ്യാർത്ഥികളുടെ അവസാന വർഷ ബി.എ പരീക്ഷയുടെ ഹാൾടിക്കറ്റ് തടഞ്ഞുവയ്ക്കുന്നതാണ്. പ്രൈവറ്റ് രജിസ്ട്രേഷൻ അപേക്ഷയുടെ അപാകത പരിഹരിച്ച് മെമ്മോ ലഭിക്കുന്നതിനായി പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.

### സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ നടത്തുന്ന എം.എ പബ്ലിക് അഡ്മിനിസ്ട്രേഷന് ഏപ്രിൽ 6 ന് ക്ലാസ് ഉണ്ടായിരിക്കുന്നതല്ല.
കാര്യവട്ടം ക്യാമ്പസിലെ സമ്പർക്ക ക്ലാസുകൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുന്നു.

### UGC – NET/JRF പരിശീലന ക്ലാസ്

സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ UGC – NET/JRF പരീക്ഷകളുടെ ജനറൽ പേപ്പറിന് 2019 ഏപ്രിൽ 8 മുതൽ പരിശീലനം നൽകുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം നൽകുന്നത്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ, സ്റ്റുഡന്റ്സ് സെന്റർ, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0471 – 2304577

# അപേക്ഷ ക്ഷണിക്കുന്നു

ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോ ഇൻഫർമാറ്റിക്സിലെ "Whole Genome Sequencing (Mate pair) of Evolvulus alsinoids"പ്രോജക്ടിലേയ്ക്ക് "നെക്സ്റ്റ്ജനറേഷൻ സീക്വൻസിംഗ്" സർവീസിന് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.dcb.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം,
04-04-2019



പബ്ലിക് റിലേഷൻസ് ഓഫീസർ